# വേനൽച്ചൂട് - ജാഗ്രതാ നിർദ്ദേശങ്ങൾ

1. സൂര്യാഘാതം ഏൽക്കാൻ സാധ്യതയുള്ളതിനാൽ സ്ക്കൂൾ അസംബ്ളികളുടെ സമയം കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

2. സ്ക്കൂളുകളിലെ പി.ഇ.ടി. പിരിയഡുകൾ നിയന്ത്രിക്കുകയും കുട്ടികളെ തുറസ്സായ മൈതാനങ്ങളിൽ കളിക്കുവാൻ വിടാതിരിക്കുകയും ചെയ്യേണ്ടതാണ്

3. സ്ക്കൂളുകളിലെ കലാ കായിക പരിപാടികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. സൂര്യാഘാതമേൽക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിച്ചെന്ന് പ്രധാനാദ്ധ്യാപകർ ഉറപ്പുവരുത്തണം.

4.വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക. ഒ.ആർ.എസ്., എമർജൻസി മെഡിസിൻ എന്നിവ ലഭ്യമാക്കുക.

5. സൂര്യാഘാതമേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷയെ സംബന്ധിച്ച് അദ്ധ്യാപകരെയും ജീവനക്കാരെയും ബോധവൽക്കരിക്കുക, ആവശ്യമായ പരിശീലനം നൽകുക.

6. ക്ളാസ് മുറികളിൽ വായുസഞ്ചാരം സാധ്യമാക്കുക, തുറസ്സായ സ്ഥലങ്ങളിലേക്ക് ക്ളാസ്സുകൾ മാറ്റുന്നതു ഒഴിവാക്കുക.

7. മുഴുവൻ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും സൂര്യാഘാതത്തെ സംബന്ധിച്ചും അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.

8. പൊതുവിദ്യാലയങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും അങ്കണവാടികളിലും സൂര്യാഘാതത്തെ നേരിടാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം.

9. വിദ്യാർത്ഥികൾക്ക് യൂണിഫോമുകളിൽ ഷൂ, സോക്സ് തുടങ്ങിയവയിൽ ഇളവ് നൽകുക.

10. പരീക്ഷാ ഹാളുകളിൽ കുടിവെള്ള ലഭ്യതയും വായുസഞ്ചാരവും ഉറപ്പുവരുത്തുക.

11. വേനൽ രൂക്ഷമാകുന്ന ഘട്ടത്തിൽ അവധിക്കാല ക്ളാസ്സുകൾക്ക് കർശനമായ നിയന്ത്രണമേർപ്പെടുത്തണം.

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശൂർ

Scanned by CamScanner